(സി) ടി ഉത്തരവിലെ ക്രമനമ്പർ ഒന്നുമുതൽ ഏഴ് വരെയുള്ളവർ മലപ്പുറം ജില്ലയിൽനിന്നും പാലക്കാട് ജില്ലയിലേക്ക് സ്ഥലംമാറ്റപ്പെട്ടവരാണ്. ഇവർ ഒഴികെയുള്ളവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഉണ്ട്. ഭരണപരമായ സൗകര്യം, പൊതുതാൽപ്പര്യം, പൊതു സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ തുടങ്ങിയവ പരിഗണിച്ചാണ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുള്ളത്.

സമഗ്ര പച്ചക്കറി വികസന പദ്ധതി

145 (4180) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പാലോട് രവി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കാനും പുതിയ തലമുറയെ കാർഷികവൃത്തിയിലേയ്ക്കാകർഷിക്കാനും ലക്ഷ്യമിട്ട് 2015-16-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവകൃഷിക്ക് ഊന്നൽ നൽകികൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജൈവരീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിലും യുവജനങ്ങളിലും ഒരു അവബോധം സൃഷ്ടിക്കാനും ജൈവകൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകളും കൈപുസ്തകങ്ങളും സംസ്ഥാനത്തെ സ്കൂളുകൾ, കൃഷിഭവനുകൾ എന്നിവ മുഖേന നൽകിവരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പദ്ധതിമുഖേന ആകെ 32629 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യാനും 424144 ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള, കേരള സ്റ്റേറ്റ് വിത്ത് വികസന അതോറിറ്റി, കൃഷി വകപ്പ് ഫാമുകൾ, വിദ്യാഭ്യാസ വകപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, മീഡിയകൾ എന്നിവരെ സഹകരിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ 6400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും കൃഷിഭവൻ ഉദ്യോഗസ്ഥർക്കും നൽകുകയും ചെയ്തിട്ടുണ്ട്.

നീരയെ പ്രോത്സാഹിപ്പിക്കാൻ നടപടി

146 (4181) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീരയെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) നീര ഉല്പന്നങ്ങൾക്ക് വിദേശ വിപണി പ്രയോജനപ്പെടുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/ സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2013-14 വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയിൽ തെങ്ങിന്റെ പൂങ്കുല നീര് സംസ്കരിച്ച് നീരയും (കേരാമൃതം) തെങ്ങിൻ പൂങ്കുലയിൽനിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്ന് പൈലറ്റ് പ്രോജക്ടു് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതിനൽകുകയും പൈലറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ആകെ 130 ലക്ഷം രൂപ 2013-14, 2014-15

LIBRARY ARCHIVES Kerala Legislative Assembly